# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

(സിവിൽ സ്റ്റേഷൻ ,പൈനാവ് പി.ഒ. കുയിലിമല ഇടുക്കി)

ഫോൺ/ ഫാക്സ് നം.04862 232248 ഇ മെയിൽ info@dtpcidukki.com


നം.172/05 തീയതി:29/10/2019

## ക്വട്ടേഷൻ നോട്ടീസ്

ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിൽ ഉള്ള താഴെ വിവരിക്കുന്ന കെട്ടിടങ്ങൾ 11 മാസക്കാലത്തേയ്ത്ത് നിശ്ചയിക്കുന്ന വാടക മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥയോടെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് സീൽ ചെയ്ത ടെൻഡർ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിട വിവരം | സെക്യൂരിറ്റി ഡെപ്പോസിറ്റ് | ഇ.എം.ഡി തുക |
|---|---|---|---|---|
| 1. | 172/05 | സ്നാക്ബാർ &ടൊയ്‌ലറ്റ് ലോറിസ്റ്റാന്റ് ഓൾഡ്,മൂന്നാർ | രൂപ 75,000/- | രൂപ 10,000/- |
| 2. | 591/15 | സ്നാക് ബാർ, ഹിൽവ്യൂ പാർക്ക് ഇടുക്കി | രൂപ 25,000/- | രൂപ 5,000/- |
| 3. | 122/2000 | രാമക്കൽമേട് അമിനിറ്റി സെന്റർ 2 നില വാർക്ക കെട്ടിടം | രൂപ 25,000/- | രൂപ 5000/- |

## നിബന്ധനകൾ.

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറി പേരിൽ എസ്.ബി.റ്റി. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇ.എം.ഡി. തുകയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. കെട്ടിടത്തിന് 11 മാസക്കാലത്തേക്ക് നൽകാൻ തയ്യാറുള്ള വാടകയാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏത് കെട്ടിടത്തിനുള്ളതെന്ന് ചേർത്തിരിക്കേണ്ടതാണ്. ഓരോ കെട്ടിടത്തിനും പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷൻ 1211.19-ാം തീയതി ഉച്ചക്ക് ശേഷം 3 മണി വരെ ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്.
5. ക്വട്ടേഷനുകൾ 13.11.19 രാവിലെ 11.30 -ന് ഹാജരാകുന്ന ടെൻഡർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് ഭാഗം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ ബാക്കി വാടകയും സെക്യൂരിറ്റി തുകയും അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതാണ്
6. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ എല്ലാം നിർബന്ധമായും ക്വട്ടേഷൻ തുറക്കുന്ന സമയം ഹാജരാകേണ്ടതാണ്.

മേൽ വിവരിച്ചവ കൂടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക

ഫോൺ. 04862 232248 മൊബൈൽ: 7561032065

Web Site:www.dtpcidukki.com

DISTRICT TOURISM PROMOTION COUNCIL
PAINAVU P.O.
Pin - 685 603.
IDUKKI

സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി